(ബി) ബോർഡിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ ബഡ്ജറ്റ് രേഖകൾ പ്രകാരം പ്രസരണ വിതരണ നഷ്ടം താഴെ പറയുന്ന പ്രകാരമാണ്.

2000-01	—	17.41%
2001-02	—	32.20%
2002-03	—	30%

(2000-01-ലെ കണക്ക് ഹൈപ്പോതെറ്റിക്കൽ ആണ്)

(സി) 2000-01 സാമ്പത്തിക വർഷം വരെ ഉപഭോക്താക്കളുടെ കണക്ടഡ് ലോഡ് അടിസ്ഥാനത്തിൽ വൈദ്യുതി ഉപയോഗം കണക്കാക്കിയാണ് പ്രസരണ വിതരണ നഷ്ടം നിർണ്ണയിച്ചിരുന്നത്. മുൻകാലങ്ങളിൽ സബ് സ്റ്റേഷനുകളിൽ നിന്നുള്ള 11 കെ. വി. ഫീഡറുകളിലൂടെ വിതരണം ചെയ്തിരുന്ന വൈദ്യുതിയുടെ അളവ് കൃത്യമായി രേഖപ്പെടുത്താനുള്ള സംവിധാനം അപര്യാപ്തമായിരുന്നു. 2001 ഡിസംബറോടുകൂടി കേരളത്തിലെ എല്ലാ 11 കെ.വി. ഫീഡറുകളിലേയും മീറ്ററിംഗ് 100% പൂർത്തീകരിച്ചു. തൽഫലമായി കൊമേർഷ്യൽ നഷ്ടം അടക്കമുള്ള പ്രസരണ നഷ്ടത്തിന്റെ കണക്ക് 2001-2002 മുതൽ കൃത്യമായി കണക്കാക്കുവാൻ സാധിക്കുന്നു. ഉയർന്ന എൽ. ടി., എച്ച്.ടി. അനുപാതം, കേടായ മീറ്ററുകൾ, വൈദ്യുതി മോഷണം എന്നിവയാണ് പ്രസരണ വിതരണ നഷ്ടം ഉയർന്നതാകുവാൻ മറ്റൊരു കാരണം.

(ഡി) 2002-03-ൽ ഏഴ് 110 കെ. വി. സബ്സ്റ്റേഷനുകളും, ഏഴ് 33 കെ. വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും പൂർത്തിയാക്കി. 608.923 കി.മീ. 11 കെ.വി. ലൈനും 3478.41 കി. മീ. എൽ. റ്റി. ലൈനും നിർമ്മിച്ചു. 835 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. 2003-04-ൽ 12/03 വരെ ഒരു 220 കെ. വി., നാല് 110 കെ. വി., രണ്ട് 66 കെ. വി., ഏഴ് 33 കെ. വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും പൂർത്തിയാക്കി. 411.136 കി.മീ. 11 കെ.വി. ലൈനും, 3038.281 കി.മീ. എൽ. റ്റി. ലൈൻ നിർമ്മിക്കുകയും 630 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തു.

(ഇ) ഉണ്ട്.

കേന്ദ്രപൂളിൽ നിന്ന് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വൈദ്യുതി

5 [1681] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രപൂളിൽ നിന്ന് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത് എത്ര യൂണിറ്റ് വൈദ്യുതിയാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതൊക്കെ കേന്ദ്രങ്ങളിൽ നിന്നാണ് സംസ്ഥാന വൈദ്യുതി ബോർഡിന് കേന്ദ്രം വൈദ്യുതി നൽകുന്നതെന്ന് വിശദമാക്കാമോ;

(സി) കഴിഞ്ഞ 5 വർഷമായി കേന്ദ്രത്തിൽ നിന്ന് കിട്ടിയ വൈദ്യുതിയുടെ അളവ് എത്രയെന്ന് അറിയിക്കുമോ;

(ഡി) കേന്ദ്രം നൽകുന്ന വൈദ്യുതിക്ക് ഇപ്പോൾ ഈടാക്കുന്ന വിലയെത്ര യാണ്;

(ഇ) കായംകുളം പദ്ധതിയിൽ നിന്ന് സംസ്ഥാനത്തിന് നൽകുന്ന വൈദ്യുതിക്ക് ഈടാക്കുന്ന വിലയെത്രയാണ്; കഴിഞ്ഞ 5 വർഷമായി കായംകുളം പദ്ധതിയിൽ നിന്ന് എത്ര യൂണിറ്റ് വൈദ്യുതി ഓരോ വർഷവും ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 781 എം.ഡബ്ല്യു. വൈദ്യുതി ആണ് അനുവദിച്ചിട്ടുള്ളത്.

(ബി) എൻ.ടി.പി.സി., എൻ.എൽ.സി., എൻ.പി.സി. ഇവയുടെ വിവിധ നിലയങ്ങളിൽ നിന്നും കേന്ദ്രം വൈദ്യുതി നൽകുന്നു.

(സി) കഴിഞ്ഞ 5 വർഷത്തെ കണക്ക് താഴെ ചേർക്കുന്നു:

1999-2000	—	3031.075	ദശലക്ഷം യൂണിറ്റ്
2000-01	—	3397.507	,,
2001-02	—	3968.504	,,
2002-03	—	4461.265	,,
2003-12/03	—	3383.994	,,

(ഡി) 2003 ഡിസംബർ മാസത്തെ ശരാശരി വില താഴെ പറയുന്നു:

പ്രസരണ ചെലവ് കൂടാതെ യൂണിറ്റ് ഒന്നിന് — 150.46 പൈസ

പ്രസരണ ചെലവ് ഉൾപ്പെടെ യൂണിറ്റ് ഒന്നിന് — 174.25 പൈസ

ഇതിനു പുറമെ ടാക്സ്, ഇൻസെന്റീവ്, ഡ്യൂട്ടി എന്നിവയും കൊടുക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കായംകുളത്ത് നിന്നും സംസ്ഥാനത്തിന് ഈ സാമ്പത്തിക വർഷം (4/03 മുതൽ 12/03 വരെ) ലഭിച്ച വൈദ്യുതിയുടെ ശരാശരി വില താഴെ പറയും പ്രകാരമാണ്:

പ്രസരണ ചെലവ് കൂടാതെ യൂണിറ്റ് ഒന്നിന് — 374.63 പൈസ

പ്രസരണ ചെലവ് ഉൾപ്പെടെ യൂണിറ്റ് ഒന്നിന് — 408.89 പൈസ

കഴിഞ്ഞ 5 വർഷമായി ലഭിച്ച വൈദ്യുതിയുടെ വിശദാംശം ശേഖരിച്ചു നൽകുന്നതാണ്.

വൈദ്യുതി ബോർഡിന്റെ പുനഃസംഘടന

6 [1682] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ പുനഃസംഘടനയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പുനഃസംഘടനയിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കാൻ ആലോചന ഉണ്ടോ;

(സി) പുനഃസംഘടനയുടെ ഭാഗമായി ജനങ്ങളുടെ മേൽ അധികഭാരം അടിച്ചേൽപ്പിക്കാൻ ആലോചിക്കുന്നുണ്ടോ;

(ഡി) പുനഃസംഘടന നടത്തുമ്പോൾ ജീവനക്കാരുടെ പുനർവിന്യാസം എപ്രകാരമായിരിക്കും എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പുനഃസംഘടനയെപ്പറ്റി സർക്കാർ ആലോചിക്കുന്നതേയുള്ളൂ.

(ബി, സി ആന്റ് ഡി) 'എ' യിലെ മറുപടിയുടെ വെളിച്ചത്തിൽ ഇവ പ്രസക്തമല്ല.

2/198/2013—10a.

LIBRARY ARCHIVES Kerala Legislative Assembly